# പഠനമുറി ധനസഹായ പദ്ധതി

പ്രധാന മാനദണ്ഡങ്ങളും ഹാജരാക്കേണ്ട രേഖകളും സംബന്ധിച്ച വിവരങ്ങൾ

## പദ്ധതിയുടെ പ്രധാന മാനദണ്ഡങ്ങൾ

### 1. അർഹതാ യോഗ്യതകൾ

- സംസ്ഥാനത്തെ ഗവ / എയ്ഡഡ് / ടെക്നിക്കൽ / സ്പെഷ്യൽ / കേന്ദ്രീയ വിദ്യാലയങ്ങളിൽ **5 മുതൽ Plus Two വരെയുള്ള** ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉള്ള കുടുംബം ആയിരിക്കണം.
- കുടുംബത്തിലെ മറ്റൊരു കുട്ടിക്ക് മുൻപ് പഠനമുറി ആനുകൂല്യം ലഭിച്ചിട്ടുണ്ടാകരുത്.

### 2. വരുമാനവും വിസ്തീർണ്ണവും

- **കുടുംബ വാർഷിക വരുമാനം:** ₹ 1,00,000/- ൽ കവിയരുത്.
- **വീടിന്റെ ആകെ വലിപ്പം:** 1000 സ്ക്വയർ ഫീറ്റിൽ താഴെ ആയിരിക്കണം.
- **നിർമ്മിക്കുന്ന പഠനമുറി:** കുറഞ്ഞത് 120 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ടായിരിക്കണം.

### 3. ധനസഹായ തുകയും ഗഡുക്കളും

**ആകെ ധനസഹായം: ₹ 2,00,000/-**

| 1-ാം ഗഡു | 2-ാം ഗഡു | 3-ാം ഗഡു | 4-ാം ഗഡു |
|---|---|---|---|
| ₹ 30,000 | ₹ 60,000 | ₹ 80,000 | ₹ 30,000 |

## അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. **ജാതി സർട്ടിഫിക്കറ്റ്** (രക്ഷകർത്താവിന്റെയും വിദ്യാർത്ഥിയുടെയും)
2. **വരുമാന സർട്ടിഫിക്കറ്റ്**
3. **ആധാർ കാർഡ് പകർപ്പ്** (രക്ഷകർത്താവിന്റെയും വിദ്യാർത്ഥിയുടെയും)
4. **റേഷൻ കാർഡ് പകർപ്പ്**
5. **വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്** (പഠിക്കുന്ന ക്ലാസ് സംബന്ധിച്ച് സ്കൂളിൽ നിന്നും ലഭിക്കുന്നത്)
6. **വിദ്യാർത്ഥിയുടെ ജനന സർട്ടിഫിക്കറ്റ്**
7. **ധനസഹായ ലഭ്യതയില്ലായ്മ സാക്ഷ്യപത്രം:** ഗ്രാമപഞ്ചായത്തിൽ നിന്നും ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നത്.
8. **ബിൽഡിംഗ് ഡീറ്റെയിൽസ് (Building Details) സാക്ഷ്യപത്രം:** ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടത്.

> **കുറിപ്പ്:** Building details സാക്ഷ്യപത്രത്തിൽ ഉടമസ്ഥന്റെ പേര്, കാലപ്പഴക്കം, വീടിന്റെ നമ്പർ, വിസ്തീർണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുക. ഇവയുണ്ടെങ്കിൽ പ്രത്യേകം സാക്ഷ്യപത്രങ്ങൾ വാങ്ങേണ്ടതില്ല.

9. **Fitness സാക്ഷ്യപത്രം:** പഠനമുറി നിർമ്മിക്കുന്നത് വീടിന് മുകളിൽ ആണെങ്കിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട ഫിറ്റ്നസ് സാക്ഷ്യപത്രം.
   (വീടിനോട് ചേർന്ന് നിർമ്മിക്കുവാൻ സ്ഥലം ഇല്ലാത്ത സാഹചര്യത്തിൽ മാത്രം)
10. **കൈവശാവകാശ സർട്ടിഫിക്കറ്റ്**
11. **പാസ്പോർട്ട് സൈസ് ഫോട്ടോ** (കുട്ടിയുടെയും രക്ഷാകർത്താവിന്റെയും)
12. **ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്**
13. **അവകാശികളുടെ സമ്മതപത്രം / ആധാർ പകർപ്പുകൾ:** ഉടമസ്ഥാവകാശം/ കൈവശാവകാശം രക്ഷാകർത്താവിന്റെ സ്വന്തം പേരിൽ അല്ലെങ്കിൽ ₹ 200/- രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയത്.
    (ഒപ്പ് രേഖപ്പെടുത്തുന്നതിന് അവകാശികൾ പട്ടികജാതി വികസന ഓഫീസർ മുൻപാകെ ഹാജരാക്കേണ്ടതാണ്)
14. **₹ 200/- രൂപയുടെ മുദ്രപത്രം:** മുകളിൽ പറയുന്ന എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കിയതിനു ശേഷം സമർപ്പിക്കേണ്ടത്.

> **പ്രധാന നിർദ്ദേശം:** ഫീൽഡ് സന്ദർശനത്തിന് ശേഷം ഉറപ്പ് ലഭിക്കുന്ന മുറയ്ക്ക് മാത്രം മുദ്രപത്രങ്ങൾ വാങ്ങുക. ഒന്നാം കക്ഷി അപേക്ഷകനും രണ്ടാം കക്ഷി അടുത്തുള്ള ബ്ലോക്ക് /മുനിസിപ്പാലിറ്റി / കോർപറേഷൻ പട്ടിക ജാതി വികസന ഓഫീസറും ആയിരിക്കും.